അയ്യംപുഴ സ്റ്റേഷനതിർത്തിയിൽ മഞ്ഞപ്ര വില്ലേജ് ഉൾപ്പെടുത്താൻ നടപടി

51 [1178] ശ്രീ. പി. ജെ. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ അയ്യംപുഴ പോലീസ് സ്റ്റേഷൻ അതിർത്തി മഞ്ഞപ്ര വില്ലേജ് കൂടി ഉൾപ്പെടുത്തി വിപുലപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇല്ലെങ്കിൽ അഞ്ച് പഞ്ചായത്ത് പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന കാലടി സ്റ്റേഷൻ അതിർത്തിയിൽ നിന്നും മഞ്ഞപ്ര വില്ലേജ് വേർപെടുത്തി അയ്യംപുഴയോട് ചേർത്ത് മഞ്ഞപ്ര ആസ്ഥാനമാക്കി പോലീസ് സ്റ്റേഷൻ പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്വീകരിച്ചുവരുന്നു.

(ബി) അയ്യംപുഴ പോലീസ് സ്റ്റേഷനുവേണ്ടി മഞ്ഞപ്രയിൽ അനുയോജ്യമായ ഒരു കെട്ടിടം തെരഞ്ഞെടുക്കുന്നതിന് അങ്കമാലി സർക്കിൾ ഇൻസ്പെക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

വിജിലൻസ് കമ്മീഷന്റെ പരിധിയിൽ വരുന്ന ഉദ്യോഗസ്ഥർ

52 [1181] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥന്മാരുടെ അഴിമതി തടയാൻ സംസ്ഥാനത്ത് ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ള വിജിലൻസ് കമ്മീഷൻ എന്നുമുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം വിഭാഗത്തിലെ ഉദ്യോഗസ്ഥൻമാർ ഇതിന്റെ പരിധിയിൽ വരും;

(സി) ആൾ ഇന്ത്യാ സർവ്വീസ് ഉൾപ്പെടെ സംസ്ഥാന സർക്കാർ ശമ്പളം പറ്റുന്ന എല്ലാ ഉദ്യോഗസ്ഥൻമാരെയും ഈ കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തുമോ?

ഉത്തരം

(എ) വിജിലൻസ് കമ്മീഷനെ സംബന്ധിച്ചുള്ള കരട് ബില്ല് ഭരണഘടനയുടെ അനുച്ഛേദം 213 (1) അനുസരിച്ച് പ്രസിഡന്റിന്റെ അംഗീകാരത്തിനുവേണ്ടി കേന്ദ്ര സർക്കാരിലേക്ക് അയച്ചിരിക്കുകയാണ്. അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ മാത്രമേ അനന്തര നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളു.

(ബി, സി) സംസ്ഥാന സർക്കാരിലെ എല്ലാ ജീവനക്കാരും ഉൾപ്പെടുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly